# 'പുതുക്കിയ യൗവ്വനം'

**സങ്കീർത്തനങ്ങൾ 103:5**

**''നിന്റെ യൌവ്വനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്കു നന്മകൊണ്ടു തൃപ്തി വരുത്തുന്നു.''**

ഒരു മനുഷ്യജീവിതത്തിന്റെ കാലയളവിൽ ഏറ്റവും പ്രധാനപ്പെട്ടതായ ഘട്ടം അവന്റെ യൗവ്വനദിശയാകുന്നു. വളരെയധികം ഗൗരവമേറിയതും ഒപ്പം വീണുപോകാനും പ്രലോഭന ങ്ങളിൽ അകപ്പെടാനും ഒക്കെ അനുകൂലമായ കാലം. എന്നാൽ ദൈവവചനം വാഗ്ദത്തം തന്നിരിക്കുന്ന യൗവ്വനം എത്ര അതിശയകരമാകുന്നു. ''കഴുകനെപ്പോലെ പുതുക്കി വരുന്ന യൗവ്വനം'' അതേ, കാലത്തിന്റെ ഏതു ദിശയിലൂടെ കടന്നുപോയാലും തന്റെ മക്കളെ അവൻ താങ്ങി നടത്തുന്ന ഒരു പുതു അനുഭവം ആണ് ഇവിടെ കാണുന്നത്.

ഒരു കഴുകന്റെ ജീവിതചക്രം എപ്രകാരം ആണെന്ന് നമുക്കറിയാം. വാർദ്ധക്യകാലത്ത് ഒരു വേറിട്ട വാസത്തിനായി അത് പോകും. തന്റെ ദേഹത്തെ തൂവലുകളെ ഒന്നൊന്നായി കൊത്തിപ്പറിച്ചുകളയും. തൽക്കാലത്തേക്കുള്ള ഒരു വേദനയുടെ അനുഭവത്തിലൂടെ കടന്നു പോയാലും പുതിയ തൂവലുകൾ ദേഹത്തിൽ ഉടലെടുക്കാൻ ഈ പ്രക്രിയ സഹായിക്കുന്നു. വീണ്ടും പഴയതിലും അധികമായ പുതുശക്തിയടെ വിഹായസ്സിലേക്ക് പറന്നുയരുന്ന കാഴ്ച കാണാം. അതെ ഒരു യൗവ്വനത്തിന്റെ വീണ്ടും പുതുക്കുന്ന, പ്രാപിച്ചെടുക്കുന്ന ശക്തി.

തീർച്ചയായും ദൈവപൈതലേ, നമ്മെ പരിപാലിക്കുന്ന ദൈവകൃപയും, ദൈവീകശ ക്തിയും ഇതിലും ഉന്നതമായത് ആകുന്നു. പുതുവർഷത്തിന്റെ ചുവടുകൾ നാം വെച്ചു കഴിഞ്ഞു. ജീവിതത്തിന്റെ വിവിധങ്ങളായ നിലയിൽ വാർദ്ധക്യവും, നരയും ബാധിച്ച് ബല ഹീനമായ സകലത്തിനെയും നമുക്ക് ഏല്പിച്ചു കൊടുക്കാം. കഴുകൻ തന്റെ പഴയ തൂവലു കൾ കൊത്തിപ്പറിച്ചു കളയുന്നതുപോലെ ഒരു പുതുക്കത്തിന്റെ അനുഭവം ദിനംതോറും ദൈവമക്കൾക്ക് ആവശ്യമാകുന്നു. അതിനായി കർത്തൃസന്നിധിയിൽ ഒരു വേറിട്ട ജീവിതം, സമർപ്പണം ഉണ്ടാകണം.

ദേഹ, ദേഹി, ആത്മാവിന്റെ സകല ജീവനറ്റ അനുഭവങ്ങളുടെ മേലും യേശുവിന്റെ ശക്തിക്കായി യാചിക്കാം. ദൈവസാന്നിധ്യവുമായി ഒരു ഊഷ്മള ജീവിതം, ഉത്സാഹ ജീവിതം, സന്തോഷകരമായ അനുഭവം, ആശ്രയം ഇതൊക്കെ കർത്താവിന്റെ അമിതബല ത്തിന്റെ അടയാളങ്ങളാകുന്നു.

തന്റെ യൗവ്വനത്തിൽ ഒരു മനുഷ്യൻ എന്തിനും ഹൃദയംകൊണ്ട് ആഗ്രഹവും, ശക്തിയും, ഉത്സാഹവും ഉള്ളവരാകുന്നതുപോലെ ജീവിതത്തിൽ ദാനമായി ദൈവം തരുന്ന ദിനം മുഴുവൻ കഴുകനെപ്പോലെ അവനായി പറന്നുയരാൻ ഇടയാവട്ടെ. പുതു തൂവലുകൾ കൊണ്ട് ഉറപ്പിച്ച് യൗവ്വനത്തിന്റെ ശക്തിയുടെ പുതുക്കത്തോടെ പുതുവർഷം ആരംഭിക്കാനും, അവസാനിപ്പിക്കാനും ഇടയാകട്ടെ. അതെ വർഷത്തിന്റെ അന്ത്യം പറന്നുയരുന്ന ദൈവശക്തിയുടെ ഫലം സ്വന്തം ജീവിതത്തിലും, ബലഹീനപ്പെട്ട അനേക ജീവിതങ്ങളുടെ മേലും ദർശിക്കുവാൻ കർത്താവ് സഹായിക്കട്ടെ.

**പരാമർശം :**
**സഭാപ്രസംഗി 12:1**

'നിന്റെ യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊള്ളുക.'

**സിസ്റ്റർ ബിന്ദു റെജി അയ്മനം 074**